**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4846** **20-07-2022 - ൽ മറുപടിയ്ക്ക്**

**വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിനോദ സഞ്ചാരികളുടെ സന്ദർശനം സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനും അവർക്ക് ആവശ്യമായ വിവരം ലഭ്യമാക്കുന്നതിനും നിലവിൽ എന്ത് സംവിധാനമാണുള്ളതെന്ന് വിശദമാക്കാമോ; | (എ) | നിലവിൽ സാമ്പത്തികസ്ഥിതിവിവര കണക്ക് വകുപ്പിലെ ജീവനക്കാരെ ഉപയോഗിച്ച് സംസ്ഥാനം സന്ദർശിക്കുന്ന ആഭ്യന്തര/വിദേശ വിനോദ സഞ്ചാരികളുടെ സംസ്ഥാനം/ രാജ്യം തിരിച്ചുള്ള കണക്ക് ജില്ല/ഡെസ്റ്റിനേഷൻ അടിസ്ഥാനത്തിൽ ശേഖരിച്ചു വരുന്നു. സംസ്ഥാനത്തെ ഏഴായിരത്തിലധികം ഉള്ള വിവിധങ്ങളായ അക്കോമഡേഷൻ യൂണിറ്റുകളിൽ നിന്നാണ് പ്രസ്തുത വിവരം എല്ലാ മാസവും ശേഖരിക്കുന്നത്.<br><br>ഇത് കൂടാതെ സഞ്ചാരികളുടെ വരവിന്റെ ലക്ഷ്യം, അവർ ചെലവഴിക്കുന്ന തുക, അവർ കേരളത്തിൽ തങ്ങുന്ന ദിവസങ്ങൾ തുടങ്ങിയ വിവരങ്ങൾ മനസ്സിലാക്കുന്നതിലേക്കായി കേന്ദ്രസർക്കാരിന്റെ സഹായത്തോടെ Continuous Tourism Survey എന്ന പേരിൽ ഒരു സർവ്വേ നടത്തിവരുന്നു. കോവിഡ് കാരണം നിർത്തിവെച്ചിരുന്ന പ്രസ്തുത സർവ്വേ വീണ്ടും തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് സന്ദർശനം നടത്തുന്ന വിനോദ സഞ്ചാരികൾക്ക് ആവശ്യമായ വിവരങ്ങൾ ടൂറിസം വകുപ്പിനു കീഴിൽ സംസ്ഥാനത്തിന് അകത്തും പുറത്തും പ്രവർത്തിക്കുന്ന ഇൻഫർമേഷൻ സെന്ററുകളിലൂടെയും, ടൂറിസം വകുപ്പിന്റെ വെബ് സൈറ്റ്, ആപ്പ്, എന്നീ സംവിധാനങ്ങളിലൂടെയും നൽകി വരുന്നു. കൂടാതെ ടൂറിസം വകുപ്പ് പുറത്തിറക്കുന്ന ബ്രോഷറുകളും, വകുപ്പിന്റെ വിവിധങ്ങളായ മറ്റ് പ്രസിദ്ധീകരണങ്ങൾ, വകുപ്പ് പങ്കെടുക്കുന്ന റോഡ്ഷോകൾ, ടൂറിസം ഫെയറുകൾ എന്നിവ വഴിയും സഞ്ചാരികൾക്ക് ആവശ്യമായ വിവരം ലഭ്യമാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ടൂറിസം സ്പോട്ടുകളിൽ സംഭവിക്കുന്ന അപകടങ്ങളെയും അതിന് കാരണമാകുന്ന സാഹചര്യങ്ങളെയും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (ബി) | പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ സുരക്ഷ കൂടി പരിശോധിക്കാറുണ്ട്. എങ്കിലും വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിലുള്ള ടൂറിസം കേന്ദ്രത്തിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി വേണ്ട മുൻകരുതൽ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രാദേശിക ടൂറിസം സ്പോട്ടുകളെ സാഹസികവും അല്ലാത്തവയുമായി തരംതിരിച്ചിട്ടുണ്ടോ; ഓരോ ടൂറിസം സ്പോട്ടിലെയും അപകട സാധ്യതകൾ സംബന്ധിച്ച് വേണ്ട മുൻകരുതലുകൾ, മുന്നറിയിപ്പുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | പ്രദേശിക ടൂറിസം കേന്ദ്രങ്ങളെ സാഹസികവും അല്ലാത്തതുമായി തരംതിരിച്ചിട്ടില്ല. ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രവുമല്ല, പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്.<br><br>ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി വകുപ്പ് സ്വീകരിച്ചുവരികയാണ്. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി, കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് പോലീസ് അധികാരികൾ, ഇതര വകുപ്പുകൾ എന്നിവരുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ ടൂറിസം പോലീസിന്റെ എണ്ണം കൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സ്ത്രീ സൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള ഒരു ബ്രെയിൻ സ്റ്റോമിങ് വർക്ക്ഷോപ്പ് ഒക്ടോബർ മാസത്തിന് മുൻപായി ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>കുട്ടികൾക്കായുള്ള സുരക്ഷിതത്വത്തിനു വേണ്ടി സീറോ ടോളറൻസ് സോൺ ക്യാമ്പയിൻ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ആരംഭിച്ചിട്ടുണ്ട്. കൂടാതെ കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ |

| | | | |
|---|---|---|---|
| | | | സേവനം ബീച്ചുകളിലും മറ്റു ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ